OFFICE OF THE DIRECTOR OF PUBLIC INSTRUCTION * THIRUVANANTHAPURAM *

# കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതു വിദ്യാഭ്യാസ വകുപ്പ് - കേരള സ്കൂൾ കലോൽസവ മാനുവൽ പരിഷ്കരണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

പൊതു വിദ്യാഭ്യാസ (എൻ) വകുപ്പ്

സ. ഉ. (എം.എസ്) നമ്പർ. 338/2012/പൊ.വി.വ          തീയതി. തിരുവനന്തപുരം 18.10.2012

==================================================================

പരാമർശം:- പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 16.07.2012,ലെ വൈ(2)/25337/2012 /ഡി.പി.ഐ നമ്പർ കത്ത്.

## <u>ഉത്തരവ്</u>

പൊതു വിദ്യാഭ്യാസ ഡയറക്ടർ, പരാമർശത്തിലെ കത്ത് പ്രകാരം കേരള സ്കൂൾ കലോൽസവ മാനുവൽ പരിഷ്കരണം സംബന്ധിച്ചുള്ള പ്രൊപ്പോസൽ സർക്കാരിനു സമർപ്പിച്ചിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് അനുബന്ധമായി ചേർത്തിട്ടുള്ള പ്രകാരം മാനുവൽ പരിഷ്കരിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എബ്രഹാം എം.എസ്.
ഡെപ്യൂട്ടി സെക്രട്ടറി

പകർപ്പ്

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ഡി.ഡി.ഇ/ഡി.ഇ.ഒ/എ.ഇ.ഒ മാർക്കും (ഡി,പി.ഐ മുഖേന)
കരുതൽ ശേഖരം/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# അനുബന്ധം

## കേരള സ്കൂൾ കലോൽസവ മാനുവൽ പരിഷ്കരണം - 2012

| ക്രമ നമ്പർ | കലോൽസവ മാനുവൽ ചട്ടം | നിലവിലുള്ളത് | മാറ്റങ്ങൾ വരുത്തിയത് |
|---|---|---|---|
| 1. അപ്പീലുകൾ | | | |
| | അദ്ധ്യായം 12(1) സ്കൂൾതല<br>അപ്പീൽ 12(2)<br>ഉപജില്ല 12(3)<br>റവന്യൂജില്ല 12(4)<br><br>സംസ്ഥാന തലം | നിലവിലെ അപ്പീൽ ഘടന അനുസരിച്ച് ഫീസ് സ്കൂൾതലം<br>ഉപജില്ല - 500/-<br>റവന്യൂ ജില്ല - 500/-<br><br>സംസ്ഥാന തലം - 1000/- | അപ്പീൽ ഫീസ് താഴെപ്പറയുന്ന രീതിയിൽ വർദ്ധിപ്പിച്ചിരിക്കുന്നു.<br>സ്കൂൾ - മാറ്റമില്ല<br>ഉപജില്ല - 1000/-<br>ജില്ല - 1500/-<br>സംസ്ഥാനം - 2000/<br><br>1. അപ്പീലുകളിൽ തീർപ്പുകൽപിക്കുന്നതിന് സബ്ജില്ലാ തലം മുതൽ വീഡിയോ റിക്കോർഡിംഗ് സഹായത്തോടെ ആയിരിക്കണം. വീഡിയോ റിക്കാർഡിംഗിന് ടെണ്ടർ ക്ഷണിക്കേണ്ടതാണ്.<br>2. അപ്പീൽ തീരുമാന ഉത്തരവുകൾ 2 ദിവസത്തിനകം നൽകണം<br>3. വിധി നിർണ്ണയത്തിൽ അപാകത വരുത്തുന്ന വിധികർത്താക്കളെ കരിംപട്ടികയിൽ ഉൾപ്പെടുത്തണം. |
| 2. | വിധി കർത്താക്കളുടെ നിയമനവും വിന്യാസവും<br>സ്കൂൾ തലം -<br>അദ്ധ്യായം 8(4)<br>ഉപജില്ല - അദ്ധ്യായം 9(14)<br>റവന്യൂ ജില്ല - അദ്ധ്യായം 10(8) | ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാൾ അതാത് കലകളിൽ പ്രാവീണ്യമുള്ളവരെ വിധികർത്താക്കളായി നിയമിക്കണം<br><br>എ.ഇ.ഒ മുൻകൂട്ടി തയ്യാറാക്കിയ പാനലിൽ നിന്നും വിധികർത്താക്കളെ നിയമിക്കണം.<br><br>ഡി.ഡി.ഇ, ആർ.ഡി.ഡി, എ.ഡി | സ്കൂൾ തലം - ഹെഡ്മാസ്റ്റർ നിയമിക്കേണ്ടതാണ്<br><br>സബ്ജില്ല - ഡി.ഡി.ഇ മാർ തയ്യാറാക്കുന്ന പാനലിൽ നിന്നും എ.ഇ.ഒ മാർ വിധികർത്താക്കളെ നിയമിക്കണം<br><br>ജില്ലാ തലം - സബ്ജില്ലകളുടെയും റവന്യൂ ജില്ലകളുടെയും പാനൽ ഡി.ഡി.ഇ, യും |

| | | | |
|---|---|---|---|
| | സംസ്ഥാന തലം<br>അദ്ധ്യായം | എന്നിവരുമായി ആലോചിച്ച് തയ്യാറാക്കിയ പാനൽ ഡി.പി.ഐ യുടെ അംഗീകാരത്തിന് ശേഷം നിധികർത്താക്കളുടെ നിയമനം നടത്തേണ്ടതാണ്. | ആർ.ഡി.ഡി, യും ചേർന്ന് തയ്യാറാക്കി ഒരു മാസം മുമ്പ് ഡി.പി.ഐ യുടെ അംഗീകാരം വാങ്ങിക്കേണ്ടതാണ്.<br><br>വിധികർത്താക്കളുടെ പേരുവിവരവും യോഗ്യതയും ഉപജില്ലാ തലം മുതൽ മൽസരം തുടങ്ങുന്നതിന് മുൻപ് സ്റ്റേജിൽ അനൗൻസ് ചെയ്യേണ്ടതാണ്. |
| 3. | കൂടുതൽ ഇനങ്ങൾ ഉൾപ്പെടുത്തേണ്ടതുണ്ടോ | | ചവിട്ടു നാടകം, വഞ്ചിപ്പാട്ട്, നങ്ങ്യാർകുത്ത് നാടൻപാട്ട്, അറബി പ്രസംഗം (ഹയർ സെക്കൻഡറി) എന്നിവ കൂടാതെ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി തലങ്ങളിൽ പുതുതായി ഉറുദു താഴെപറയും പ്രകാരം ഉൾപ്പെടുത്തുന്നു.<br>പ്രൈമറി - കവിതാരചന, ക്വിസ്സ്, സംഘഗാനം.<br>ഹൈസ്കൂൾ - സംഘഗാനം, ഗസൽ ആലാപനം, പ്രസംഗം<br>ഹയർ സെക്കൻഡറി - ക്വിസ്സ്, ഗസൽ ആലാപനം, |
| 4. | കലോൽസവ കലണ്ടർ 9 (1)<br>അദ്ധ്യായം 10(1), 11(1) | സ്കൂൾ തലം മുതൽ സംസ്ഥാന തലം വരെയുള്ള കലോൽസവങ്ങൾ അതാതു വർഷം സർക്കാർ പ്രസിദ്ധീകരിക്കുന്ന വിദ്യാഭ്യാസ കലണ്ടർ പ്രകാരമോ സർക്കാർ ഉത്തരവുകൾ പ്രകാരമോ നടത്തേണ്ടതാണ്. | സ്കൂൾ തലം സെപ്റ്റംബർ<br><br>സബ് ജില്ല - ഒക്ടോബർ,<br><br>ജില്ലാ തലം - നവംബർ<br><br>1. തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം, പാലക്കാട്, തൃശ്ശൂർ - നവംബർ 1 മുതൽ 10 വരെ<br><br>2. കാസർഗോഡ്, വയനാട്, ഇടുക്കി, ആലപ്പുഴ - നവംബർ 11 മുതൽ 20 വരെ<br><br>3. കണ്ണൂർ, മലപ്പുറം, എറണാകുളം, പത്തനംതിട്ട, കൊല്ലം - നവംബർ 21 മുതൽ 30 വരെ |

| | | | |
|---|---|---|---|
| 5. | അദ്ധ്യായം 10. (1) | | സംസ്ഥാന തലം - ജനുവരി (ആദ്യ വാരം)<br>+1, +2 ക്ലാസ്സുകളിൽ പഠിക്കുമ്പോൾ കലോൽസവങ്ങളിൽ പങ്കെടുത്ത് ഗ്രേസ് മാർക്കിന് അർഹത നേടുന്ന വിദ്യാർത്ഥികൾക്ക് +1 ന് നേടുന്ന ഗ്രേസ് മാർക്ക് ആ വർഷത്തെ പൊതുപരീക്ഷയ്ക്കും +2 ന് നേടുന്ന ഗ്രേസ് മാർക്ക് 2 -ാം വർഷത്തെ പൊതു പരീക്ഷയ്ക്കും മാത്രമേ അനുവദിക്കുകയുള്ളു. +1 ന് നേടുന്ന ഗ്രേസ് മാർക്ക് +2 പരീക്ഷയ്ക്ക് അനുവദിക്കുന്നതല്ല. |